**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2048** **01-09-2022 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണ്ഡലത്തിലെ ലിതാരയുടെ മരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | കുറ്റ്യാടി മണ്ഡലത്തിൽ കുന്നുമ്മൽ ഗ്രാമപഞ്ചായത്തിലെ ലിതാര ബീഹാറിൽ വെച്ച് മരണപ്പെട്ടത് സംബന്ധിച്ചുള്ള അന്വേഷണം ഏത് ഘട്ടത്തിൽ ആണെന്ന് വിശദമാക്കാമോ; അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ ബീഹാർ സർക്കാരുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | (എ) | ഇന്ത്യൻ റെയിൽവേയിൽ ജോലി ചെയ്തു വന്നിരുന്ന ബാസ്കറ്റ്ബോൾ താരമായ ലിതാര എന്ന പെൺകുട്ടിയുടെ മരണവുമായി ബന്ധപ്പെട്ട് കേരളാ പോലീസ് കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ ടിയാളുടെ മരണവുമായി ബന്ധപ്പെട്ട് ശ്രീ. ബിനീഷ്എരട്ടേൻചാൽ, നരിപ്പറ്റ എന്നയാളുടെ പരാതി മുഖ്യമന്ത്രിയുടെ പരാതി പരിഹാര പോർട്ടൽ മുഖാന്തിരം ലഭിച്ചിട്ടുണ്ട്. ടി പരാതിയിന്മേൽ കുറ്റ്യാടി പോലീസ് ഇൻസ്പെക്ടർ നടത്തിയ അന്വേഷണത്തിൽ ലിതാരയുടെ മരണത്തിൽ ബാസ്റ്റ് ബോൾ കോച്ചായ രവി സിംഗ് എന്നയാൾക്ക് പങ്കുള്ളതായി സംശയിക്കപ്പെടുന്നതായും മരണപ്പെട്ട ലിതാരയുടെ മൃതദേഹം പാറ്റ്നയിലുള്ള ഇന്ദിരാഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ വെച്ച് പോസ്റ്റുമോർട്ടം നടത്തി തുടർന്ന് മൃതദേഹം 28.04.2022-ൽ കുറ്റ്യാടി പോലീസ് സ്റ്റേഷൻ പരിധിയിലെ നരിപ്പറ്റയിലുള്ള വീട്ടുവളപ്പിൽ സംസ്കരിച്ചതായി അറിവായിട്ടുണ്ട്. മേൽകാര്യത്തിന് ബീഹാറിലെ പാറ്റ്ന രാജീവ് നഗർ പോലീസ് സ്റ്റേഷനിൽ Cr.No.185/22 U/s 306 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നുണ്ടെന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ട്. ഒരു മാസം മുമ്പ് ബീഹാർ പോലീസ് മരണപ്പെട്ട കുട്ടിയുടെ വീട്ടിൽ വന്ന് ബന്ധുക്കളുടെ മൊഴിരേഖപ്പെടുത്തിയതായി വീട്ടുകാരിൽ നിന്നും അറിവായിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ